**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ ആരോഗ്യ വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന കണ്ടിജന്റ് തൊഴിലാളികളായ ശ്രീ.പി.എം.ശ്രീനിവാസൻ മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം..24345/2018 മേലുള്ള ബഹു.ഹൈക്കോടതിയുടെ 22/02/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 882/2019/തസ്വഭവ തീയതി, തിരുവനന്തപുരം : 25/04/2019

പരാമർശം : 1) 22/04/1982 ലെ സ.ഉ.(എം.സ്) നം. 14/82/എൽ.ബി.ആർ.

2) 29/03/2001 ലെ സ.ഉ.(എം.എസ്)നം.91/2001/തസ്വഭവ.

3) തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 27/06/2019 തീയതിയിലെ 14-ാം നമ്പർ തീരുമാനം.

4) തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 18/10/2016 തീയതിയിലെ പിഎച്ച്2-25997/2015 നമ്പർ കത്ത് (Exhibit - R1(a))

5) തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 07/07/2017 തീയതിയിലെ 01-ാം നമ്പർ തീരുമാനം.

6) നഗരകാര്യ ഡയറക്ടറുടെ 14/10/2018 തീയതിയിലെ ഇ 2-24449/2016 നമ്പർ കത്ത്.

7) ഡബ്ല്യുപി(സി) നം..24345/2018 മേലുള്ള ബഹു.ഹൈക്കോടതിയുടെ 22/02/2019 തീയതിയിലെ വിധിന്യായം

**ഉത്തരവ്**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ ആരോഗ്യ വിഭാഗത്തിൽ കണ്ടിജന്റ് തൊഴിലാളികളായി സ്ഥിരനിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യം ഉന്നയിച്ച് തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ ആരോഗ്യ വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന കണ്ടിജന്റ് തൊഴിലാളികളായ ശ്രീ.പി.എം.ശ്രീനിവാസൻ മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം..24345/2018 മേലുള്ള പരാമർശം (7) പ്രകാരമുള്ള വിധിന്യായത്തിൽ, ടി വിധിന്യായം ലഭിച്ച് രണ്ടു മാസത്തിനകം പരാമർശം (4) പ്രകാരമുള്ള എക്സിബിറ്റ് R1(a) കത്ത് സംബന്ധിച്ച്, നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു.ഹൈക്കോടതി ടി കേസിലെ നാലാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് നിർദ്ദേശിച്ചു.

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ ശുചീകരണ വിഭാഗം ഡി.എൽ.ആർ / സി.എൽ.ആർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്, 310 താൽക്കാലിക ശുചീകരണ

തൊഴിലാളികളുടെ ലിസ്റ്റ്, "21/01/2015 ലെ ബഹു.കൗൺസിലിന്റെ 27-ാം നമ്പർ തീരുമാനപ്രകാരം തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ 2000 ത്തിനുശേഷം ജോലി ചെയ്തുവരുന്ന ദിവസവേതന ശുചീകരണ തൊഴിലാളികളുടെ (DLR) ലിസ്റ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു" എന്ന 27/06/2016 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനം എന്നിവ സഹിതമുള്ള തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പരാമർശം (4) പ്രകാരമുള്ള കത്ത്, പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. എന്നാൽ പ്രസ്തുത നിയമനം പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം. ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നഗരസഭകളിൽ ഉണ്ടാകാനിടയുള്ള സ്ഥിരം ഒഴിവുകൾ കണക്കിലെടുത്ത്, ആദ്യഘട്ടത്തിൽ പകരം തൊഴിലാളികളായി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുകയും, സ്ഥിരം തൊഴിലാളികളായി ജോലി നോക്കുന്നവരിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടി തൊഴിലാളികളെ സ്ഥിരം ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നതുമാണ് നിലവിലെ നിയമനരീതി .

ഏതെങ്കിലും നഗരസഭയിൽ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും, മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ദിവസക്കൂലിയടിസ്ഥാനത്തിൽ 31/12/2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഉള്ള പക്ഷം സ്ഥിരം നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കുകയും മാനദണ്ഡങ്ങൾക്കനുസൃതമായ ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകി അവരുടെ ഊഴം കഴിഞ്ഞശേഷം മാത്രം രണ്ടാമത്തെ ലിസ്റ്റിൽ ഉള്ളവരുടെ സ്ഥിരനിയമനകാര്യം പരിഗണിക്കേണ്ടതാണെന്നും സൂചന (2) പ്രകാരമുള്ള ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ ശുചീകരണ വിഭാഗം ഡി.എൽ.ആർ / സി.എൽ.ആർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്, പരാമർശം (4) പ്രകാരം ലഭ്യമായിട്ടുള്ള, തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള ആരോഗ്യ വിഭാഗത്തിലെ 310 താൽക്കാലിക ശുചീകരണ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർ മേൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമല്ല നിയമിതരായിട്ടുള്ളത്.

ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ നിയമിക്കുന്ന ജീവനക്കാർക്ക് സ്ഥിരം സർവ്വീസിലേയ്ക്ക് എടുക്കുന്നതിന് / നിയമിക്കപ്പെടുന്നതിന് അവകാശം ഉന്നയിക്കാൻ കഴിയുകയില്ലായെന്നും, ഭരണഘടനയുടെ ആർട്ടിക്കിൾ 14, 16 ലെ നിർദ്ദേശങ്ങൾക്ക്

വിരുദ്ധമായി നിയമനം നടത്താൻ കഴിയില്ലായെന്നും ഉമാദേവി Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക. സചിവാലയ ദൈനിക് വേദൻ ഭോഗി യൂണിയൻ Vs സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ CA No.7261-7262/16 TSLP No.3778-3779/2015 കേസുകളിലെ വിധിന്യായങ്ങളിൽ ബഹു.സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, "തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ കണ്ടിജന്റ് വിഭാഗത്തിൽ കണ്ടിജന്റ് ജീവനക്കാരിൽ ഒഴിവുള്ള 85 തസ്തികകളിൽ Muncipal Act Section 224 പ്രകാരം സ്ഥിരനിയമനം നടത്തുന്നതിനും 27/06/2016 ലെ 14-ാം കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ച ലിസ്റ്റിൽ നിന്നും നിയമാനുസൃതമായി ഈ നിയമനം നടത്തുന്നതിനും തീരുമാനിച്ചു" എന്ന പരാമർശം (5) പ്രകാരമുള്ള തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷന്റെ കൗൺസിൽ തീരുമാനം അംഗീകരിക്കാൻ സാധിക്കുകയില്ല.

പരാമർശം (7) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ